# 10 വർഷം കഴിഞ്ഞിട്ടും പ്ലാച്ചിമട സമരത്തിന് നീതി ലഭിക്കാത്തതെന്തുകൊണ്ട്?

**രണ്ടായിരാമാണ്ടിൽ** പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമടയിൽ സ്ഥാപിച്ച ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പ്ലാച്ചിമടയ്ക്കും കേരളീയർക്കുമുണ്ടാക്കിയ സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ ദുരിതങ്ങൾക്ക് ഇനിയും അറുതിയായിട്ടില്ല. 2002 ഏപ്രിൽ 22ന് ആണ് സമരം ഔപചാരികമായി തുടങ്ങിയത്. ഇപ്പോഴും തുടരുന്ന സമരം നാല് ആവശ്യങ്ങളാണ് ഉന്നയിക്കുന്നത്. 1. പ്ലാച്ചിമടയുടെ ആവാസ വ്യവസ്ഥയെ നശിപ്പിച്ച കൊക്കക്കോള കമ്പനി തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകി പുറത്ത്പോവുക. 2. പ്ലാച്ചിമടയെ വിഷമയമാക്കിയ കൊക്കക്കോള കമ്പനിയെ കുറ്റവിചാരണ ചെയ്യുക. 3. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭകൾക്ക് നിയമപരിരക്ഷയോടുകൂടിയ പരമാധികാരം നൽകുക. 4. പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ മലിനീകരണ നിയന്ത്രണ നിയമങ്ങളിലും പഞ്ചായത്ത്രാജ് നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക. അത് പ്ലാച്ചിമടക്കാർക്ക് മാത്രമല്ല, മൊത്തം കേരളീയർക്കും ആഗോള ജനതയ്ക്കും നേടിത്തരുന്ന നീതി വലുതാണ്, പ്രധാനപ്പെട്ടതുമാണ്. തദ്ദേശീയ വിഭവങ്ങളിൽ ജനതയുടെ അധികാരം സ്ഥാപിക്കലാണ്, ജനാധിപത്യമാണ് അത് ആവശ്യപ്പെടുന്നത്.

കമ്പനി 2004 മുതൽ സമരംമൂലം താൽക്കാലികമായി അടഞ്ഞുകിടക്കുകയാണ്. 125 വർഷം പിന്നിട്ട ക്രൂരപാരമ്പര്യമുള്ള ഈ കമ്പനി ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും നിർമ്മാണവും വിതരണവുമുണ്ട്. അവർ തങ്ങളുടെ കോളക്കച്ചവടം നടത്തുന്നതിനേക്കാൾ ഭീകരമായി പരിസ്ഥിതിനാശവും മനുഷ്യാവകാശ ലംഘനങ്ങളും തദ്ദേശീയജനതയോടുള്ള ക്രൂരതകളും രാഷ്ട്രീയ അട്ടിമറികളും ബഹുവിധ ചൂഷണങ്ങളും തുടരുന്നുണ്ട്.

പാലക്കാടുതന്നെ കഞ്ചിക്കോടുള്ള പെപ്സികോ ഇപ്പോഴും ഒരു സമരവും നേരിടാതെ ഉൽപാദനം നടത്തുകയാണ്. മുഖ്യധാരാ ഇടതുപക്ഷമുൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികളുടെയും രാഷ്ട്രീയത്തിന്റെയും അവഹേളനാത്മകമായ പരാജയമാണ് ഇതിലൂടെ പുറത്തുകൊണ്ടുവരുന്നത്. കേവലം നഷ്ടപരിഹാരം നൽകി തീർക്കാവുന്ന പ്രശ്നമല്ല പ്ളാച്ചിമടയുൾപ്പെടെയുള്ള സമരങ്ങൾ. സ്വാധികാരവും സ്വാശ്രയത്വവും ജനാധിപത്യവും വീണ്ടെടുത്തുകൊണ്ടുള്ള അന്തസ്സും അഭിമാനവുമാർന്ന ഒരു ജീവിതമാണ് പ്ളാച്ചിമട ആവശ്യപ്പെടുന്നത്. ഭോപ്പാലുകൾ കാൽനൂറ്റാണ്ടു കഴിഞ്ഞിട്ടും നീതിക്കായി അലയുകയാണ്. പ്ളാച്ചിമട പത്തുവർഷം പിന്നിട്ടിട്ടും ഭാഗീകമായേ വിജയിച്ചിട്ടുള്ളു. വൈകുന്ന നീതി നമ്മുടെ രാഷ്ട്രീയനീതിബോധത്തിൽ വലിയൊരു ചോദ്യചിഹ്നമായി തൂങ്ങുന്നു.

ഈ ലക്കം കേരളീയത്തിൽ കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ ക്രൂരതകളും ഭീകരതകളും വിവരിക്കുകയാണ് ഇവർ : അരുന്ധതിറോയ്, പി. സായിനാഥ്, പർണാബ് മുഖർജി.... അടിസ്ഥാനപരവും ആഴമേറിയതുമായ ഈ ആധുനിക പ്രതിസന്ധിയെ മനസിലാക്കുകയും മറികടക്കാനുള്ള വഴികൾ തേടുകയുമാണ് നമ്മുടെ മുന്നിലുള്ള അടിയന്തിര ദൗത്യം.

# പത്രസമരം പുറത്തുവിടുന്നത്

**കോടിക്കണക്കിന്** മലയാളികളുടെ പെട്ടെന്നുള്ള നിരക്ഷരതയ്ക്ക് കാരണമായ പത്രഏജന്റുമാരുടെ സമരം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. നമ്മുടെ വായനാസംസ്കാരം ഭൂരിപക്ഷം പേരുടേയും കാലത്തുള്ള പത്രവായനാശീലം കൊണ്ടുള്ളതാണല്ലോ? ആഴ്ചപ്പതിപ്പുകളും കഥ-കവിതാ പുസ്തകങ്ങളും ടെലിവിഷനും സിനിമയും ഇന്റർനെറ്റും റേഡിയോയും മറ്റ് കലാരൂപങ്ങളുമൊക്കെയായി ജീവിതത്തെ മാറ്റിത്തീർക്കുന്ന വലിയൊരു ആശയ-അനുഭവലോകം നമുക്കു ചുറ്റിലുമുണ്ടെങ്കിലും മാർക്കറ്റാണ്, വിപണിയുടെ നീതിയാണ് നമ്മെ നിർണ്ണയിക്കുന്നതെന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. അപ്പോഴും വർത്തമാനപത്രങ്ങളുടെ സ്വാധീനം മലയാളിക്ക് സവിശേഷമാണ്. ഏജന്റുമാരുടെ സമരം പുറത്തുകൊണ്ടുവന്നത് പത്രങ്ങളില്ലെങ്കിലും നമുക്ക് ജീവിക്കാനാകുമെന്ന ധാരണയാണ്. പക്ഷേ, പത്രങ്ങൾക്ക് പകരം വെക്കാൻ നമുക്കുള്ള മാധ്യമങ്ങൾ വേണ്ടത്ര ഉപകാരപ്രദമാണോ? പലപ്പോഴും പത്രങ്ങളേക്കാൾ മാരകമാണ് ദൃശ്യമാധ്യമങ്ങൾ, അനിവാരമാണെങ്കിലും. അച്ചടിയിലൂടെയുള്ള വായനാശീലത്തിലൂടെ രൂപപ്പെടുന്ന പൊതുബോധവും പുതുമാധ്യമങ്ങളിലൂടെ ഉണ്ടാകുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ആദ്യത്തേതിന് വേഗത കുറയുമെങ്കിലും ഗുണത്തിലും അളവിലും രണ്ടാമത്തേത് മെച്ചമെന്ന് പറയാൻ മിക്കപ്പോഴും ആവില്ല. ആലോചനകളും ചിന്തകളും നേരിട്ടുള്ള വായനയിലൂടെ ഉണ്ടാക്കുന്നത്ര സാമൂഹ്യപ്രതിബദ്ധത അതിവേഗ കാഴ്ചകൾ സൃഷ്ടിക്കുന്നില്ല.

പത്രാധിപൻമാരിൽ നിന്ന് മാർക്കറ്റിംഗ് എഡിറ്റർമാരിലേക്കും സാമൂഹ്യദൗത്യങ്ങൾ നിർവ്വഹിച്ചിരുന്ന മാധ്യമഉടമസ്ഥതയിൽ നിന്ന് ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള കോർപ്പറേറ്റ് ഓണർഷിപ്പിലേക്കും മാറിയ സാഹചര്യത്തിലാണ് നമ്മുടെ പത്രഏജന്റുമാരുടെ സമരത്തെ കാണേണ്ടത്. മഞ്ഞും മഴയും വെയിലുമേറ്റ് കഷ്ടസാഹചര്യങ്ങളിൽ വീടുകളിൽ പത്രമെത്തിക്കുന്ന പാവം വിതരണക്കാരുടെ ജീവിതസാഹചര്യങ്ങൾ പരിഗണിച്ച് അവർക്ക് കമ്മീഷൻ കൂട്ടിക്കൊടുക്കേണ്ടതാണ്. മത്സരാധിഷ്ഠിതമായ പത്രമാധ്യമലോകത്ത് കൊള്ളലാഭം കൊയ്യുന്ന മുതലാളിമാർക്ക് തങ്ങളുടെ ലാഭവിഹിതത്തിന്റെ ചെറിയൊരംശമെങ്കിലും അടിസ്ഥാനതല പത്രപ്രവർത്തകർ കൂടിയായ അവർക്ക് കൈമാറേണ്ടത് നീതിയാണ്.

നമുക്ക് മനോരമയുടെ, മാതൃഭൂമിയുടെ, ദേശാഭിമാനിയുടെ ഏകാധിപത്യം പോരാ. പകരം വ്യാപാരി വ്യവസായികളോ സിനിമാതാരങ്ങളോ കാണിക്കാൻ വേണ്ടി കാട്ടിക്കൂട്ടുന്ന പത്രവിതരണവും പോരാ. കേരളം ഒരു റസിഡൻസ് അസോസിയേഷൻ മാത്രമല്ല. വാർത്തകളും വിശേഷങ്ങളും ഏകപക്ഷീയവുമല്ല. അതെല്ലാം ജനാധിപത്യപരമാകേണ്ടതുണ്ട്. പത്രഉടമകൾക്ക് മാത്രമല്ല സമരം ചെയ്തവർക്കും സാമാന്യജനത്തിനും കുറേ മിഥ്യകളിൽ നിന്ന് മോചിപ്പിക്കപ്പെടാൻ ഈ സമരം സഹായിച്ചു. മാധ്യമനടത്തിപ്പുകാരുടെ കള്ളക്കളികൾ കുറച്ചെങ്കിലും വെളിച്ചത്തായി എന്നതു മാത്രമല്ല, വാർത്താമാധ്യമാസക്തി മദ്യത്തേക്കാൾ മാരകമായി, മാലിന്യമായി നമ്മളെ ബാധിച്ചിരുന്നു എന്ന വിവരം മാറിനിന്ന് കാണാനുമായി. ഭൂമികുലുക്കമുണ്ടായിട്ടും മുല്ലപ്പെരിയാർ ഡാമും ഇടുക്കിയിലെ അണക്കെട്ടുകളും സുരക്ഷിതമാണോ എന്ന ഭയം നമ്മെ അലട്ടാതായത് എന്തുകൊണ്ടെന്ന് ചിന്തിച്ചാൽ മാധ്യമരോഗം നമുക്ക് പിടികിട്ടും. പുതിയൊരു ദിശയിലുള്ള വായനയും കാഴ്ചയും ജാഗ്രതയുള്ള വിശകലനവും ഇടപെടലും കാലം നമ്മോട് ആവശ്യപ്പെടുന്നു. മലയാളിക്ക് അതാവുമോ?